പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

## അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 293 — 13-03-2017 ൽ മറുപടിക്ക്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.കെ.ദാസൻ<br>ശ്രീ.ബി.സത്യൻ<br>ശ്രീ.പി.കെ.ശശി<br>ശ്രീമതി.വീണാ ജോർജ്ജ്** | | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിക്കായി നടപ്പ്. സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ എത്ര കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | 15 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയിൻ കീഴിൽ നിലവിൽ ഏതെല്ലാം പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്; കൂടുതൽ പ്രവൃത്തികൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയിൻകീഴിൽ ചുവടെ പറയുന്ന പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തി വരുന്നു.<br>1.ജലസംരക്ഷണവും ജല കൊയ്ത്തും<br>2.വരൾച്ച തടയൽ(വൃക്ഷങ്ങൾ നടീൽ, വനവൽക്കരണ പ്രവൃത്തികൾ)<br>3.മൈക്രോ ഇറിഗേഷൻ പ്രവൃത്തികൾ<br>4.എസ്.സി./എസ്.ടി./കേന്ദ്രാവിഷ് കൃത പദ്ധതികൾ/ ബി.പി.എൽ. കുടുംബങ്ങളുടെ ഭൂമിയിൽ ജലസൗകര്യമൊരുക്കൽ<br>5.കുളങ്ങൾ വൃത്തിയാക്കൽ ഉൾപ്പടെയുള്ള പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനർനിർമ്മാണം<br>6.ഭൂവികസനം<br>7.വെള്ളക്കെട്ട് പ്രദേശങ്ങളിൽ അഴുക്ക ചാൽ നിർമ്മിക്കുന്നതുൾപ്പടെയുള്ള വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികളും കുളസംരക്ഷണ പ്രവർത്തനങ്ങളും<br>8.BSUP/IHSDP/KSUDP/SJSRY/RAY പദ്ധതികളുടെ ഭാഗമായി ഏറ്റെടുക്കുന്ന ചേരി/ ക്ലസ്റ്റർ വികസന പദ്ധതികളുടെ അനുപൂരക |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങളും ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതികളുടെ ഭാഗമായി നിർമ്മിക്കുന്ന ഭവനങ്ങളുടെ വാനം വെട്ടുന്നതിനും അടിസ്ഥാനം നിർമ്മിക്കുന്നതിനുമുള്ള പ്രവൃത്തികളും<br>9.കോളനി നവീകരണ പ്രവൃത്തികൾ<br>10.സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ മഴക്കുഴി നിർമ്മാണം,സോക്പിറ്റ് നിർമ്മാണം,കിണർ റീചാർജിംഗ്,മൂന്നു മീറ്റർ വീതിവരെയുള്ള റോഡുകളിൽ ഇന്റർലോക്ക് ഉപയോഗിച്ചുള്ള നിർമ്മാണ പ്രവൃത്തികൾ,ക്ഷീരകർഷകർക്ക് കന്നുകാലി തൊഴുത്ത് നിർമ്മിക്കുന്നതിനു വാനം വെട്ടുക മുതലായ പ്രവൃത്തികൾക്ക് അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ പത്താമത് സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ അംഗീകാരം നൽകിയിട്ടുണ്ട്.<br>11.സംസ്ഥാന നഗര തൊഴിലുറപ്പ് കൗൺസിലിലെ ശുപാർശ പ്രകാരം സംസ്ഥാന സർക്കാർ അംഗീകരിക്കുന്ന ഇതര പ്രവൃത്തികൾ |
| (സി) | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിലാളികളുടെ വേതനം വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | ഉണ്ട്. അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയിൻകീഴിലുള്ള തൊഴിലാളികളുടെ ദിവസ വേതനം 240/-രൂപയാക്കി വർദ്ധിപ്പിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഡി) | നടപ്പ് സാമ്പത്തികവർഷം പ്രസ്തുത പദ്ധതി മുഖേന എത്ര തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ടെന്നും കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ? | (ഡി) | 2016-17 സാമ്പത്തിക വർഷം അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി മുഖേന 2,72,074 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിന് വേണ്ടിയുള്ള നടപടി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ